# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചൊക്ലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കണ്ണൂർ

670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1791/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 22/12/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊക്ലി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1791/2025 തീയ്യതി: 22/12/2025

## കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-11-2024 മുതൽ 20-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേശൻ പി.വി | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2025 | 29-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2025 | 29-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ഷിജു എ, ഓഡിറ്റ് ഓഫീസർ

ശ്രീ. കനകരാജൻ ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ശ്രീജ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. സജാദ് എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രമ്യ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി ഷീജാമണി കെ | സെക്രട്ടറി | 01-04-2024 | 04-09-2024 |
| ശ്രീമതി കല ബി (ഇൻ ചാർജ്ജ്) | സെക്രട്ടറി | 05-09-2024 | 17-09-2024 |
| ശ്രീമതി അനിഷ വി | സെക്രട്ടറി | 18-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കല ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ. ആനന്ദ് ടി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി അഞ്ജു എം. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. ഷിബിൻ ടി | വി.ഇ.ഒ.(ഒളവിലം) | 01-04-2024 | 31-03-2025 |
| ശ്രീമതി ഫെമിന ഫ്രാങ്കോ | വി.ഇ.ഒ.(നിട്ടുമ്പ്രം) | 01-04-2024 | 31-03-2025 |
| ഡോ. നീതു എം. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2024 | 31-03-2025 |
| ഡോ. ജിതിൻരാജ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ. കെ. ചന്ദ്രശേഖരൻ | വെറ്റിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി ബിന്ദു കെ.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 19-04-2024 |
| ശ്രീമതി രതി എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 20-04-2024 | 20-08-2024 |
| ശ്രീമതി സനിജ ചാലിമ്മേൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-08-2024 | 31-03-2025 |
| ശ്രീ. സുഭാഷ് എസ്.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ. രജീഷ് ടി.ആർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയതിലെ അപാകം | 1-1-1 |
| 3 | സ്ഥിരനിക്ഷേപം പുതുക്കി പലിശവരവ് അക്കൌണ്ട് ചെയ്തിട്ടില്ല | 1-1-2 |
| 4 | ബാലൻസ് ഷീറ്റിലെ ബി 4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യതാനീക്കിയിരിപ്പ് തുകയും ബി 17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | അഡ്വാൻസ് തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല | 1-1-7 |
| 9 | വികസനഫണ്ട് പൊതുവിഭാഗം - I-6 പ്രകാരമുള്ള തുക സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | ഗ്രാമസഭ | 1-10 |
| 19 | കമ്മിറ്റികളുടെ പ്രവർത്തനം | 1-11 |
| 20 | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 21 | പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗം തെറ്റായി നൽകിയതിനാൽ നികുതിയിനത്തിൽ കുറവുണ്ടാകുന്നു. | 1-13 |
| 22 | വസ്തുനികുതിയിലെ കുടിശ്ശിക-തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-14 |
| 23 | എഫ്.ടി.ഇ. & ഒ.എസ് ലൈസൻസ് അപാകം | 1-15 |
| 24 | വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല. | 1-16 |
| 25 | കുടിവെള്ള വിതരണം - അർഹമായതിലും അധികം തുക അനുവദിച്ചു. ₹41833 യുടെ ചെലവ് നിരാകരിക്കുന്നു. | 1-17 |
| 26 | കുടിവെള്ള വിതരണം(സ്പിൽ ഓവർ പദ്ധതി) -അധികം തുക അനുവദിച്ചു.₹96331 യുടെ ചെലവ് നിരാകരിക്കുന്നു | 1-18 |
| 27 | IEC പ്രവർത്തനങ്ങൾ-നിർവഹണത്തിലെ അപാകങ്ങൾ–₹52500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 28 | വിവരവിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ-18590രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 29 | വീടുകളിൽ റിംഗ് കമ്പോസ്റ്റ്-നിർവഹണത്തിലെ അപാകങ്ങൾ–₹155000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 30 | സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിന് സബ്സിഡി-1308 രൂപയുടെ ചെലവ് നിരാകരിക്കുന്നു | 1-22 |
| 31 | റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ-1123029 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |

| | | |
|---|---|---|
| 32 | മരുന്നുകൾ ലഭ്യമായില്ല-34151രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 33 | ഭിന്നശേഷി സ്കോളർഷിപ്പ്- മാർഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച ₹30500 യുടെ ചെലവ് നിരാകരിക്കുന്നു | 1-25 |
| 34 | പി എച് സി സബ് സെന്റർ പുതിയ കെട്ടിടം ചുറ്റുമതിൽ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല | 1-26 |
| 35 | കാഞ്ഞിരമറ്റം തൃക്കണ്ണാപുരം റോഡ് ഓവ് ചാൽ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല. | 1-27 |
| 36 | ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ -₹27500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 37 | എ.ബി.സി പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 38 | പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം- ₹8800 യുടെ ചെലവ് നിരാകരിക്കുന്നു | 1-30 |
| 39 | ജൽജീവൻ മിഷൻ- അവലോകനം | 1-31 |
| 40 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കുടിവെള്ള വിതരണം(സ്പിൽ ഓവർ പദ്ധതി) -അധികം തുക അനുവദിച്ചു.₹96331 യുടെ ചെലവ് നിരാകരിക്കുന്നു | 3-1 |
| 2 | കുടിവെള്ള വിതരണം - അർഹമായതിലും അധികം തുക അനുവദിച്ചു. ₹41833 യുടെ ചെലവ് നിരാകരിക്കുന്നു. | 3-2 |
| 3 | ഭിന്നശേഷി സ്കോളർഷിപ്പ്- മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച ₹30500 യുടെ ചെലവ് നിരാകരിക്കുന്നു | 3-3 |
| 4 | പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം- ₹8800 യുടെ ചെലവ് നിരാകരിക്കുന്നു | 3-4 |
| | ഭാഗം **4** | |
| 1 | മെഡിസെപ് പ്രീമിയം -ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപോർട്ടുകൾ | 4-12 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചൊക്ലി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27-5-2025 ലെ 3/2025 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 31-05-2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
22.12.2025.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## 1-1-1 ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയതിലെ അപാകം

ഇൻകം ഏന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുകയായ ₹9223500 യഥാർത്ഥ മിച്ചതുകയായ ₹5950782 യുമായി പൊരുത്തപ്പെടുന്നില്ല. Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 177623440 |
| ആകെ ചെലവ് (B) | | 170036299 |
| മിച്ചം തുക C= A-B | | 7587141 |
| Prior Period Income -I-19 | 21399 | |
| Prior Period Expenditure I-18 | 1657758 | |
| Net Difference Between Prior Period | | -1636359 |

| | | |
|---|---|---|
| Income And Expenses I-19-I-18 ( D ) | | |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | 5950782 |

എന്നാൽ 2024-25 വർഷത്തെ ബാലൻസ് ഷീറ്റിലെ ബി-1ഷെഡ്യൂളിൽ (310900101) Excess Of Income Over Expenditure ആയി ക്യാരി ഓവർ ചെയ്തത് യഥാർഥതുകയാണ്.

### 1-1-2 സ്ഥിരനിക്ഷേപം പുതുക്കി പലിശവരവ് അക്കൌണ്ട് ചെയ്തിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബി-12 ഷെഡ്യൂൾ പ്രകാരം ₹1231731 നിക്ഷേപമിനത്തിൽ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 1207731 രൂപ ചൊക്ലി സർവീസ് സഹകരണ ബാങ്കിലെ സ്ഥിരനിക്ഷേപമാണ് (FD No. 2105000778/22.12.2020). 2023-24 ലെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബി-12 ഷെഡ്യൂൾ പ്രകാരവും മേൽ സ്ഥിരനിക്ഷേപപ്രകാരമുള്ള നീക്കിയിരിപ്പുതുക 1207731 രൂപയാണ്. 22.12.2024 പ്രാബല്യത്തിൽ സ്ഥിരനിക്ഷേപം പുതുക്കേണ്ടതായിരുന്നുവെങ്കിലും 2024-25 വർഷത്തിൽ പുതുക്കി പലിശവരവ് അക്കൌണ്ട് ചെയ്തിട്ടില്ല

### 1-1-3 ബാലൻസ് ഷീറ്റിലെ ബി 4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യതാനീക്കിയിരിപ്പ് തുകയും ബി 17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല

വികസന ഗ്രാന്റ് (CFC) ടെ ബി 4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യതാനീക്കിയിരിപ്പ് തുക 7959989 രൂപയും ബി 17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക 7965167 രൂപയുമാണ്.

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase /(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 5433764 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1693317 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-5 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

(1) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തിയിട്ടില്ല.
(2) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന B1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-6 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപെടുത്തുന്നില്ല.

അക്രുവൽ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25സാമ്പത്തിക വർഷത്തെ ഡിമാന്റ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടില്ല.

### 1-1-7 അഡ്വാൻസ് തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല

2024-25 വർഷത്തെ ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ പ്രകാരം 460500501 Advance To Implementing Officers ഇനത്തിൽ 530510രൂപ ബാധ്യതയുണ്ട്. പ്രസ്തുത തുക മുൻവർഷങ്ങളിൽ നൽകിയ അഡ്വാൻസ് തുകയാണ്. അഡ്വാൻസ് തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

### 1-1-8 വികസനഫണ്ട് പൊതുവിഭാഗം - I-6 പ്രകാരമുള്ള തുക സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല

വികസനഫണ്ട് പൊതുവിഭാഗം I-6 പ്രകാരമുള്ള തുക ₹17821000-യും സുലേഖ ചെലവ് പത്രിക പ്രകാരം ₹17439124-യുമാണ്. ₹381876 യുടെ വ്യത്യാസമുണ്ട്.

### 1-2 ബജറ്റ്

| | |
|---|---|
| മുന്നിരിപ്പ് | 5847007 |
| വരവ് | 271313545 |
| ആകെ | 277160552 |
| ചെലവ് | 271934825 |
| നീക്കിയിരിപ്പ് | 5225727 |

ഭരണസമിതിയുടെ 09-2-24 ലെ 70/2024 നമ്പർ തീരുമാനപ്രകാരം 2024-25 ലെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്

**പുതുക്കിയ ബജറ്റ്**

| | |
|---|---|
| മുന്നിരിപ്പ് | 18586334 |
| വരവ് | 271836592 |
| ആകെ | 290422926 |
| ചെലവ് | 284417096 |
| നീക്കിയിരിപ്പ് | 6005830 |

ഭരണസമിതിയുടെ 21-03-25 ലെ 11/25-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29261285.00 |
| വരവ് | 56217314.00 |
| ആകെ | 85478626.00 |
| ചെലവ് | 50783577.00 |
| നീക്കിയിരിപ്പ് | 34695049.00 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | 178772 |
| തടസ്സപ്പെടുത്തിയ തുക | 1560770 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 17821000 | 17821000 | 17821000 | 0 |
| വികസന ഫണ്ട് എസ് സി പി | 0 | 125000 | 125000 | 1202513 | 47487 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 15768000 | 15768000 | 14968590 | 799410 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 0 | 4605000 | 4605000 | 4605000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക്-ബാങ്ക് | 1305880 | 3229626 | 4535506 | 4188987 | 346519 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ്-ബാങ്ക് | 3418429 | 7094500 | 10512929 | 2899459 | 7613470 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക് (ട്രഷറി-ക്യാരി ഓവർ വിഹിതം) | 0 | 107984 | 107984 | 50042 | 57942 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ട്രഷറി-ക്യാരി ഓവർ വിഹിതം) | 0 | 1745272 | 1745272 | 124279 | 1620993 |
| ഐ.സി.ഡി.എസ്-കേന്ദ്രവിഹിതം | 0 | 2256789 | 2256789 | 1364260 | 892529 |
| ടോട്ടൽ സാനിറ്റേഷൻ | 235978 | 0 | 235978 | 0 | 235978 |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 510973 | 415534 | 926507 | 460526 | 465981 |
| ഹെൽത്ത് ഗ്രാന്റ്- ഹെൽത്ത് വെൽനെസ് സെന്റർ | 42530 | 642266 | 684796 | 35061 | 649735 |
| ഹെൽത്ത് ഗ്രാന്റ് - ബിൽഡിംഗ് ലെസ് സബ് സെന്റർ | 2814519 | 76602 | 2891121 | 0 | 2891121 |
| എസ്.ജി.എസ്.വൈ | 287232 | 0 | 287232 | 0 | 287232 |
| ജലനിധി | 10000 | 0 | 10000 | 0 | 10000 |
| എംജിഎൻആർഇജിഎസ് | 351 | 30349058 | 30349409 | 30343661 | 5748 |
| ലൈഫ് മിഷൻ | 379351 | 100649 | 480000 | 422207 | 57793 |
| DRDA | 39700 | 0 | 39700 | 0 | 39700 |
| നിർമ്മൽ പുരസ്കാർ | 40790 | 0 | 40790 | 0 | 40790 |
| കില ട്രൈയ്നിംഗ് | 11050 | 0 | 11050 | 0 | 11050 |
| വിമുക്തി | 14060 | 0 | 14060 | 0 | 14060 |
| സാക്ഷരത | 13514 | 458 | 13792 | 0 | 13792 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 1163541 | 927200 | 2090741 | 380830 | 1709911 |
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 341000 | 341000 | 341000 | 0 |
| മുൻസിപ്പൽ കോർപ്പറേഷൻ വിഹിതം | 800000 | 0 | 800000 | 800000 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 224 | 11277443 | 166 | 55179675 | 31 | 58 | 135 | 60.27 |

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയ പദ്ധതി കളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 2664055 | 2053288 | 77.07 |
| വെറ്ററനറി സർജ്ജൻ | 5 | 4 | 769100 | 558472 | 72.63 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 23 | 20 | 8977549 | 7055673 | 78.59 |
| മെഡിക്കൽ ഓഫീസർ (Homeo) | 1 | 1 | 200000 | 200000 | 100 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ I | 21 | 19 | 6593120 | 3940249 | 59.76 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ II | 14 | 12 | 21068841 | 5332936 | 25.31 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 13 | 11 | 5791152 | 4337223 | 74.89 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 726567 | 695683 | 95.74 |
| സെക്രട്ടറി | 36 | 25 | 16852763 | 5484992 | 32.54 |
| ഫിഷറിസ് ഇൻസ്പെക്ടർ | 1 | 1 | 50000 | 50000 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 94 | 57 | 45674429 | 22339871 | 48.91 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 3406867 | 3131288 | 91.91 |
| ആകെ | 224 | 166 | 112774443 | 55179675 | 48.92 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 351 | 1903058 | 1903409 | 1897661 | 5748 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28446000 | 28446000 | 28446000 | 0 |
| ആകെ | 351 | 30349058 | 30349409 | 30343661 | 5748 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ചതുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 1711000 | 101 |
| വിധവാപെൻഷൻ | 16710900 | 1096 |
| വാർദ്ധക്യകാലപെൻഷൻ | 35916300 | 2511 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 5283000 | 328 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2695200 | 108 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.25 തീയ്യതിയിൽ 2.30 P.M-ന് സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനാ വേളയിൽ 12630 രൂപ (പന്ത്രണ്ടായിരത്തി അറുന്നൂറ്റിമുപ്പത് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പ് വരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ച് കൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. മുൻകൂർ രജിസ്ററർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്ററുകൾ എന്നിവയും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ടി.ആർ.7എ ഫോർമാറ്റിലുള്ള ക്യാഷ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി വരുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതായുണ്ട്.
നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം കാര്യക്ഷമമല്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേക്കും ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവ ഗ്രാമപഞ്ചായത്തിന്റെ ജംഗമആസ്തികളിൽ ഉൾപ്പെടുത്തിയും തൊഴിലുറപ്പ് പദ്ധതി പ്രകാരം ആർജിച്ചെടുത്ത കോൺക്രീറ്റ് റോഡുകളും ഉൾപ്പെടുത്തിയും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പ്രതിമാസം ജീവനക്കാരുടെ യോഗം ചേരുകയും ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ജീവനക്കാരുടെ ജോലിവിഭജനം ഓഫീസ് ഓർഡർ മുഖേന നിശ്ചയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളും കൃത്യമായി നടത്തുന്നുണ്ട്.

ചൊക്ലി ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-10 ഗ്രാമസഭ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ (2024-25 വർഷം) ആകെയുള്ള 17 വാർഡുകളിലും 2024 ജൂലൈ ,2025ജനുവരി, 2025 മാർച്ച്, മാസങ്ങളിൽ 3 തവണ മാത്രമേ ഗ്രാമസഭകൾ ചേർന്നിട്ടുള്ളൂ. ഗ്രാമ സഭകളിൽ 2023-24 വരവ് ചെലവ് കണക്ക് അവതരണം , 2024-25 വർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, മാലിന്യമുക്ത നവകേരളം,ഡിജി കേരളം 2025-26 വർഷ പദ്ധതി രൂപീകരണം, 2024-25വർഷിക പദ്ധതി അവലോകനം, മഹാത്മാഗാന്ധി ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി തുടങ്ങിയവ അജണ്ട ഉൾപ്പെടുത്തുകയും ചർച്ച ചെയ്ത് തീരുമാനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

നിയമാനുസൃത ഗ്രാമസഭകൾക്ക് പുറമെ 2025-26 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 2024 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ ഊരുകൂട്ട ഗ്രാമസഭ, 2024 ഡിസംബർ മാസം ഭിന്നശേഷി ഗ്രാമസഭ, വയോജന ഗ്രാമസഭ, വനിതഗ്രാമസഭ, കർഷക ഗ്രാമസഭ ,യുവജന ഗ്രാമസഭ, കുട്ടികളുടെ ഗ്രാമ സഭ തുടങ്ങിയ പ്രത്യേക ഗ്രാമസഭകളും 2025 ജനുവരി മാസം വൈബ്രന്റ് ഗ്രാമസഭയും ചേർന്നിട്ടുണ്ട്.

## 1-11 കമ്മിറ്റികളുടെ പ്രവർത്തനം

ഗ്രാമ പഞ്ചായത്തിൽ ഭരണസമിതി, സ്റ്റിയറിംഗ് കമ്മിറ്റി, കൂടാതെ വിവിധ തലത്തിലുള്ള 4 സ്റ്റാൻഡിംഗ് കമ്മിറ്റികൾ (ധനകാര്യം, വികസനം, ക്ഷേമം, ആരോഗ്യം) എന്നിവ രൂപീകരിച്ചിട്ടുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൃത്യമായി യോഗം ചേരുകയും ഭരണപരമായ തീരുമാനങ്ങൾ ഭരണസമിതിയ്ക്ക് ശിപാർശ ചെയ്യുന്നുമുണ്ട്.
ഗ്രാമ പഞ്ചായത്തിൽ ആകെ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2024-25 ൽ ചില വർക്കിംഗ് ഗ്രൂപ്പുകൾ 3 തവണ യോഗം ചേർന്നിട്ടുണ്ട്. ബാക്കിയുള്ളവ 2 തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി

യോഗം ചേരേണ്ടതും പദ്ധതി നിർവഹണം സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് ഉറപ്പു വരുത്തേണ്ടതുമാണ്. ആയത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ്. കൂടാതെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ ആവശ്യമായ രേഖകൾ കൃത്യമായി തയ്യാറാക്കുന്നുണ്ട് എന്ന് പ്രതിമാസ യോഗങ്ങളിൽ അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതുമാണ്.

പ്രൊക്യൂർമെന്റ് കമ്മിറ്റി 2024-25 ൽ 12 തവണ യോഗം ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുമുണ്ട്. എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്.

## 1-12 ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

എഫ് ടി ഇ & ഒ എസ് ലൈസൻസ് അപേക്ഷകളിൽ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ളതായി രേഖപ്പെടുത്തിയ ഏതാനും സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ | സ്ഥാപനം | തൊഴിലാളികളുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|
| 137 | കഫേ മെക്കാനിഷ് | 4 |
| 264 | കാംകോ ഗ്രാനൈറ്റ് ക്രഷിംഗ് കമ്പനി | 4 |
| 519 | എം ആർ എ ബേക്കറി ആൻഡ് എക്സ്പ്രസ് | 15 |
| 147 | കീർത്തി ബേക്സ് | 16 |
| 185 | സൂപ്പർ | 3 |
| 186 | റോയൽ | 5 |
| 327 | ഷെർലക് ഔട്ട് ഡോർ സൊല്യൂഷൻ | 4 |
| 274 | കീർത്തി സൂപ്പർ മാർക്കറ്റ് | 20 |
| 191 | അസ്കോ ഗെയിം അറീന | 4 |
| 655 | ഗോൾഡൻ ഗ്രാനൈറ്റ് ആൻഡ് മാർബിൾ | 4 |
| 143 | ആൽഫാ ഫാബ്രിക്കേഷൻ | 4 |
| 534 | ലെ ആദം കേക്ക് | 4 |
| 535 | കോ കോ ഫുഡ്സ് ചൊക്ലി | 5 |
| 423 | എസ് എസ് ഹോളോബ്രിക്സ് | 3 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/23.10.25) മറുപടിയായി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ സ്ഥാപങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗം തെറ്റായി നൽകിയതിനാൽ നികുതിയിനത്തിൽ കുറവുണ്ടാകുന്നു.

സ.ഉ(പി)നം.25/2023/തസ്വഭവ,05.04.23, എസ് ആർ ഒ നമ്പർ 479/2023 എന്നിവ പ്രകാരം പാർപ്പിടാവശ്യത്തിന്

ഉപയോഗിക്കുന്ന 2 വ്യത്യസ്ത കെട്ടിട ഉപവിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

പട്ടിക

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | പാർപ്പിടങ്ങൾ,ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | 8 | 12 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി ചൊക്ലി ഗ്രാമപഞ്ചായത്ത് 14.07.2023 തീയതിയിൽ 295(1)/2023 തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 7,9 എന്നിങ്ങനെയാണ്.എന്നാൽ താഴെ പറയുന്ന 2024-25 കാലയളവിലെ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെട്ട കെട്ടിടത്തെ തെറ്റായ ഉപവിഭാഗങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനാൽ ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണം (ച.മീ) | ഉപയോഗക്രമം | സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം | സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം |
|---|---|---|---|---|---|
| 5/246A | തായുള്ളതിൽ സാദത്ത് | 342.11 | പാർപ്പിടാവശ്യം | മേൽ പട്ടികയിലെ ക്രമ നമ്പർ 1 | മേൽ പട്ടികയിലെ ക്രമ നമ്പർ 2 |
| 397/B | ബാവിലേരി റഫീഖ് | 412.04 | -ടി- | -ടി- | -ടി- |

കെട്ടിടങ്ങളുടെ ഉപവിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകിയതിന് കാരണം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.15/25.10.2025) മറുപടിയിൽ 2024-25 കാലയളവിലെ ന്യൂ ബിൽഡിങ് രജിസ്റ്ററിൽ ഉൾപ്പെട്ട മേൽ സൂചിപ്പിച്ച കെട്ടിടങ്ങളെ തെറ്റായ ഉപവിഭാഗത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും കെട്ടിട നികുതി പുനർനിർണ്ണയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പുതിയ വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നികുതി പുനർനിർണ്ണയം നടത്തേണ്ടതും നഷ്ട തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-14 വസ്തുനികുതിയിലെ കുടിശ്ശിക-തുടർനടപടികൾ അറിയിക്കേണ്ടതാണ്**

ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | വസ്തുനികുതി | തൻവർഷം (BT+LC) | കുടിശ്ശിക (BT+LC) |
|---|---|---|---|
| 1 | റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹4,762.00 | ₹ 4,161.00 |
| 2 | നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹ 52,111.00 | 108,523.00 |

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന മൊബൈൽ ടവറിന് ദീർഘകാലമായി വസ്തുനികുതി കുടിശ്ശിക യുണ്ട്.

| കെട്ടിട നമ്പർ | മൊബൈൽ ടവറിന്റെ വിവരം | വാർഷിക നികുതി ₹ | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 3/356 | ഡിഷ് നെറ്റ് വയർലെസ്സ് ലിമിറ്റഡ് | ₹ 15573.00 | 2018/19 മുതൽ |

വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറിയ്ക്ക് (17/27.10.2025) മറുപടിയായി, കുടിശ്ശിക തുകയ്ക്ക് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-15 എഫ്.ടി.ഇ. & ഒ.എസ് ലൈസൻസ് അപാകം

2024-25 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കും പ്രകാരം ഒരേ കെട്ടിടത്തിൽ 2 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ച് നൽകിയതായി കാണുന്നു.

| വാർഡ്/ കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | സ്ഥാപനം |
|---|---|---|
| 16/362 A5 | കുഞ്ഞി കണ്ണൻ പി പി | ബേക്കറി സാധനങ്ങൾ നിർമിച്ച് കച്ചവടം |
| | നിസ്ന ഭാസ്കരൻ | ബേക്കറി ചായ കൂൾ ഡ്രിങ്ക്സ് |
| 4/2 | ശ്രീനിലയം ചാലക്കര | അലോപ്പതി മരുന്ന് കച്ചവടം |
| 4/2 | നിസാർ | മെഡിക്കൽ ലാബ് |
| 4/3 | മുഹമ്മദ് സുഹൈൽ കെ വി | ബേക്കറി സാധനങ്ങൾ നിർമിച്ച് കച്ചവടം |
| 4/3 | നിസാർ | മെഡിക്കൽ ലാബ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/28-10-25) മറുപടി ലഭിച്ചിട്ടില്ല ഫീൽഡ് പരിശോധന നടത്തി അപാകം പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല.

22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതി ദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം

പുറപ്പെടുവിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിന് മുമ്പ് നികുതി നിർണയിച്ച കെട്ടിടത്തിന് കൂട്ടിചേർക്കൽ നടത്തൽ, പുതുക്കി പണിയുകയോ മാറ്റം വരുത്തുകയോ ചെയ്തതിന്റെ വിവരങ്ങൾ കെട്ടിട ഉടമസ്ഥർ 9 ബി ഫാറം ത്തിൽ ലഭ്യമാക്കേണ്ടതാണെന്നും കെട്ടിട ഉടമ വിവരങ്ങൾ അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ജി.ഐ.എസ് മാപ്പിംഗ് സംവിധാനം മുഖേനയോ ഫീൽഡ് പരിശോധന നടത്തിയോ സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ടെന്നും ഈ വിവരങ്ങളുടെയും 9 ബി ഫോറം ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്.
ചൊക്ലി ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ 4/22-10-2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ജി.ഐ.എസ്. മാപ്പിംഗ് മുഖേനയുള്ള കെട്ടിടങ്ങളുടെ സർവ്വേ അന്തിമ ഘട്ടത്തിലാണെന്ന് അറിയിച്ചു. 9-ബി ഫോറം വഴി വസ്തു നികുതി പുനർ നിർണ്ണയത്തിനായി 511 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എന്നാൽ മാറ്റം വന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ചേർത്ത് നികുതി പുനർനിർണയിക്കാനുതകുന്ന തരത്തിൽ സോഫ്റ്റ് വെയറിൽ അപ്ഡേഷൻ വരുത്തിയിട്ടില്ലാത്തതിനാൽ നിലവിൽ ഇപ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണയിച്ചിട്ടില്ലെന്നും ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ടെന്നും 2024-25 സാമ്പത്തിക വർഷത്തിൽ ഡാറ്റ പ്യൂരിഫിക്കേഷൻ വഴി നികുതി വർദ്ധനവ് ഉണ്ടായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. സോഫ്റ്റ് വെയറിൽ അപ്ഡേഷൻ വരുന്ന മുറയ്ക്ക് മേൽ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി വസ്തു നികുതി പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 കുടിവെള്ള വിതരണം - അർഹമായതിലും അധികം തുക അനുവദിച്ചു. ₹41833 യുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , |
| പ്രോജക്ട് നമ്പർ/ പേര് | 10/25 കുടിവെള്ള വിതരണം |
| അടങ്കൽ | ₹292071 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് |
| ചെലവ് | ₹250188 ബിൽ നം 196/19-12-2024<br>₹41883 ബിൽ നം 503/4-3-2025<br>ആകെ -₹292071 |

2024-25 സാമ്പത്തിക വർഷം ചൊക്ലി ഗ്രാമ പഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ ജി പി എസ് സംവിധാനം ഏർപ്പെടുത്തിയ വാഹനങ്ങളിൽ കുടിവെള്ളം വിതരണം നടത്തിയതിന് മേൽ പ്രൊജക്ട് പ്രകാരം₹292071 ചെലവഴിച്ചിട്ടുണ്ട്. 5-3-24 തീയതിയിലെ SC3-4252/22 നമ്പർ ക്വട്ടേഷൻ നോട്ടീസിലെ ക്രമ നം 6 പ്രകാരം, രേഖപ്പെടുത്തുന്ന നിരക്കിൽ വണ്ടി വാടക, ഡ്രൈവറുടെ ശമ്പളം, വാട്ടർ അതോറിറ്റിയിലെ വെള്ളത്തിന്റെ ചാർജ്, മറ്റു ചെലവുകൾ എന്നിവ ഉൾപ്പെടെ എല്ലാത്തരം ചാർജും ഉൾപ്പെടുത്തേണ്ടതാണെന്നും യാതൊരു കാരണവശാലും രേഖപ്പെടുത്തിയ നിരക്കിൽ അധികരിച്ച തുക നൽകുന്നതല്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്വട്ടേഷൻ നോട്ടീസിലെ നിബന്ധനകൾക്ക് വിധേയമായി വാട്ടർ അതോറിറ്റിയിലെ വെള്ളത്തിന്റെ ചാർജ് ഉൾപ്പെടെ ഒരു കിലോമീറ്ററിന് 59 രൂപ നിരക്കിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ സഹദ് കെ പി, എന്നിവരുടെ ക്വട്ടേഷൻ അംഗീകരികിച്ചിട്ടുമുണ്ട്. 25-4-24 മുതൽ 10-6 24 വരെയുള്ള കാലയളവിൽ കുടിവെള്ളം വിതരണം നടത്തിയതിനായി KL58 C 9961 എന്ന വാഹനം 4240.49 കിലോമീറ്റർ ഓടിയതിന് വെള്ളത്തിന്റെ ചാർജ്ജ് ഉൾപ്പെടെ കിലോമീറ്ററിന് 59 രൂപ നിരക്കിൽ ₹250188 ശ്രീ സഹദ് കെ പി ,എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി തലശ്ശേരി സബ് ഡിവിഷൻ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിൽ എപ്രിൽ മുതൽ ജൂൺ വരെ 550 കിലോ ലിറ്റർ വെള്ളം വിതരണം ചെയ്തതിന് 41833 രൂപയാണ് വാട്ടർ ചാർജ്ജ് കണക്കാക്കിയിട്ടുള്ളത്. ആയത് ബിൽ നം 503/4-3-2025 പ്രകാരം വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിട്ടുമുണ്ട്. വാട്ടർ അതോറിറ്റി നിശ്ചയിച്ച വെള്ളത്തിന്റെ വില ഉൾപ്പെടെ കരാറുകാരന് അനുവദിക്കുകയും വീണ്ടും വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ്ജ് ഇനത്തിൽ തുക അനുവദിക്കുകയും ചെയ്തതിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ 28/28-10-2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികമായി അനുവദിച്ച 41833 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-18 കുടിവെള്ള വിതരണം(സ്പിൽ ഓവർ പദ്ധതി) -അധികം തുക അനുവദിച്ചു.₹96331 യുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 169/25 (SO) കുടിവെള്ള വിതരണം |
| അടങ്കൽ | ₹96331 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് |
| ചെലവ് | ₹96331 ബിൽ നം 314/4-3-2025 |

2023-24 സാമ്പത്തിക വർഷം ചൊക്ലി ഗ്രാമ പഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ ജി പി എസ് സംവിധാനം ഏർപ്പെടുത്തിയ വാഹനങ്ങളിൽ കുടിവെള്ളം വിതരണം നടത്തിയതിന് 2023-24 വർഷം പ്രോജക്ട് നമ്പർ 21/24 പ്രകാരം 691079 രൂപയും 2024-25 സാമ്പത്തിക വർഷം 96331 രൂപയും ഉൾപ്പെടെ ആകെ 787410 രൂപ ചെലവഴിച്ചിട്ടുണ്ട്. ₹691079 യുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/തീയതി | തുക | ഫണ്ടിനം |
|---|---|---|---|
| 1 | 55/7-8-23 | 500000 | വികസന ഫണ്ട് |
| 2 | 215/20-12-23 | 94748 | വികസന ഫണ്ട് |
| 3 | 255/8-1-24 | 96331 | തനത് ഫണ്ട് |
| | | 691079 | |

27-4-23 തീയതിയിലെ ക്വട്ടേഷൻ നോട്ടീസിൽ വെള്ളത്തിന്റെ വില, വണ്ടി വാടക , ഡ്രൈവറുടെ ശമ്പളം , ജി എസ് ടി , ആദായ നികുതി, ബാധകമായ മറ്റു നികുതി ഉടങ്ങി എല്ലാ ചെലവുകളും ഉൾപ്പെടെ കുടിവെള്ള വിതരണം ചെയ്യുന്നതിനുള്ള ഏകീകൃത നിരക്കാണ് രേഖപ്പെടുത്തേണ്ടതെന്നും വെള്ളത്തിന്റെ വില വാട്ടർ അതോറിറ്റി നിശ്ചയിച്ച നിരക്കിൽ ബില്ലിൽ കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്വട്ടേഷൻ നോട്ടീസിലെ നിബന്ധനകൾക്ക് വിധേയമായി ഏറ്റവും കുറഞ്ഞ തുകയായ ഒരു കിലോമീറ്ററിന് 70 രൂപ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ സന്തോഷ്. കെ , കീഴത്തൂർ എന്നിവരുടെ

ക്വട്ടേഷൻ അംഗീകരിച്ചിട്ടുമുണ്ട്. കുടിവെള്ളം വിതരണം നടത്തിയതിനായി 7-5-2023 മുതൽ 5-7-23 വരെയുള്ള കാലയളവിൽ KL13 R 4245 എന്ന വാഹനം 8679.84 കിലോമീറ്റർ ഓടിയതിനും KL58 9699 എന്ന വാഹനം 1192.72 കിലോമീറ്റർ വാഹനം ഓടിയതിനും കിലോമീറ്ററിന് 70 രൂപ നിരക്കിൽ 691079 രൂപ (9872.56x70) 2023-24 സാമ്പത്തിക വർഷം ശ്രീ സന്തോഷ്. കെ എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 02.12.2023-ലെ 131/E2/2023/WSSD-TLSRY-KNR(IV) നമ്പർ കത്ത് പ്രകാരം ടാങ്കർ ലോറി വഴി മേൽ കാലയളവിൽ പഞ്ചായത്തിൽ വിതരണം ചെയ്ത വെള്ളത്തിന്റെ ചാർജ്ജായി 96331 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. വാട്ടർ അതോറിറ്റി നിശ്ചയിച്ച വെള്ളത്തിന്റെ വിലയായ 96331 രൂപ ക്വട്ടേഷൻ നിബന്ധനകൾ പ്രകാരം ബില്ലിൽ നിന്നും കുറവ് ചെയ്ത് കരാറുകാരന് അനുവദിക്കേണ്ടതിനു പകരം പ്രോജക്ട് നമ്പർ 21/24 പ്രകാരം മുഴുവൻ തുക അനുവദിക്കുകയും പ്രൊജക്റ്റ് നം 169/25 പ്രകാരം 96331 രൂപ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ 27/28-10-2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികമായി അനുവദിച്ച 96331 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-19 IEC പ്രവർത്തനങ്ങൾ-നിർവഹണത്തിലെ അപാകങ്ങൾ-₹52500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | **വി.ഇ. ഒ ഒളവിലം സർക്കിൾ** |
| **പ്രോജക്ട് നം.** | 223/25 IEC പ്രവർത്തനങ്ങൾ |
| **അടങ്കൽ തുക-** | ₹61500 (വികസന ഫണ്ട് - ജനറൽ) |
| **ചെലവ്** | ₹61500 ബിൽ നം 100/23.9.24<br>(എസിആർ പ്രകാരം) |

IEC പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിന്റെ ഭാഗമായി ഹരിതമിത്രം നോട്ടീസ് പ്രിന്റ് ചെയ്യുന്നതിനായി 9000 രൂപയും ബിൽ ബുക്ക് 100 എണ്ണം, ഹരിത കർമ്മ സേന യൂസർ ഫീ കാർഡ് 1000 എണ്ണം എന്നിവ പ്രിൻ്റ് ചെയ്യുന്നതിനായി 8500 രൂപയും 7000 കലണ്ടർ പ്രിൻ്റ് ചെയ്യുന്നതിനായി 44000 രൂപയും ഉൾപ്പെടെ 61500 രൂപ തനിമ അഡ്വർടൈസിംഗ് പെരിങ്ങത്തൂർ എന്ന സ്ഥാപനത്തിന് ബിൽ നം 100/23.9.24 പ്രകാരം നൽകിയിട്ടുണ്ട് . പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു

1 ബിൽ ബുക്ക് 100 എണ്ണം, ഹരിതകർമസേന യൂസർ ഫീ കാർഡ് 1000 എണ്ണം എന്നിവ പ്രിന്റ് ചെയ്യുന്നതിന് 8500 രൂപ ചെലിഴിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

2 ഹരിതകർമസേനയുടെ കലണ്ടർ അച്ചടിക്കുന്നതിനായി 44000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കലണ്ടർ അച്ചടിക്കായി സ്വീകരിച്ച ക്വട്ടേഷൻ/ ടെണ്ടർ നടപടികളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ്ഥാപനം നൽകിയ ടാക്സ് ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(29/29.10.25) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹52500 രൂപയുടെ (44000+8500) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 വിവരവിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ-18590രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | വി.ഇ. ഒ ഒളവിലം സർക്കിൾ |
| **പ്രോജക്ട് നം.** | 72/25 വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ |
| **അടങ്കൽ തുക-** | ₹50000 (വികസന ഫണ്ട് - ജനറൽ) |
| **ചെലവ്/ബിൽ നം** | ₹ 23570 174/11.12.24<br>₹ 14000 220/24.12.24<br>₹ 12430 351/7.3.25<br>(എസിആർ പ്രകാരം) |

വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. (എ) ബിൽ നമ്പർ 220/24.12.24 പ്രകാരമുള്ള 14000 രൂപയുടെ ചെലവിൽ തനിമ പെരിങ്ങത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും 4 ബാനർ , 600 കാർഡ് എന്നിവ പ്രിന്റ് ചെയ്തതായി രേഖപ്പെടുത്തിയ 3.10.25 തീയതിയിലെ 3000രൂപയുടെ ഇൻവോയ്സ് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രിന്റ് ചെയ്ത 600 കാർഡിന്റെ സ്റ്റോക്ക് വിതരണരേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

(ബി) ബിൽ നമ്പർ 220/24.12.24 പ്രകാരമുള്ള 14000 രൂപയുടെ ചെലവിൽ തനിമ അഡ്വർടൈസിംഗ് പെരിങ്ങത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും 9000 ഹരിത കർമ്മസേനാ കാർഡുകൾ പ്രിന്റ് ചെയ്തതിന് 23.12.24 തീയതിയിലെ ഇൻവോയ്സ് പ്രകാരം 11000 രൂപ നൽകിയിട്ടുണ്ട്. അച്ചടിച്ച കാർഡിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയ ഇൻവോയ്സ്, ഒരു കാർഡിന് നിശ്ചയിച്ച വില, കാർഡുകളുടെ സ്റ്റോക്ക് വിതരണ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

2. ബിൽ നമ്പർ 174/11.12.24 നോടൊപ്പം ചേർത്ത 23570 രൂപയുടെ ചെലവിൽ ചൊക്ലി ടൗണിലെ ഓടകൾ ശുചീകരിച്ചതിന് തൊഴിലാളികൾക്ക് നൽകിയ കൂലിയിനത്തിൽ 4590 രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെലവുകൾക്കാസ്പദമായ വൗച്ചർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

മേൽ പരാമർശങ്ങൾ ചൂണ്ടിക്കാട്ടിനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/29.10.25) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 18590 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 വീടുകളിൽ റിംഗ് കമ്പോസ്റ്റ്-നിർവഹണത്തിലെ അപാകങ്ങൾ-₹155000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ. ഒ. ഒളവിലം സർക്കിൾ |
| പ്രോജക്ട് നം. | 97/25 വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ |
| അടങ്കൽ തുക- | ₹305500 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹600000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹294500(തനത് ഫണ്ട്)<br>₹150000 (മറ്റുള്ളവ)<br>ആകെ ₹1350000 |
| ചെലവ് | ₹155000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ബിൽ നമ്പർ: 632/20.03.2025 |

വീടുകളിൽ റിംഗ് കമ്പോസ്റ്റ് വിതരണം നടത്തുന്നതിന് വേണ്ടി നടപ്പിലാക്കിയ മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി 69 റിംഗ് കമ്പോസ്റ്റുകളുടെ വിലയായി 1,55,000 രൂപ റെയ്ഡ്കോ കണ്ണൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (ഇൻവോയ്സ് നം. KBA/1254/2024-25 തീയതി 19.03.2025). റിംഗ് കമ്പോസ്റ്റുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(33/29.10.25 ) മറുപടി ലഭ്യമാക്കിയിട്ടില്ല.₹155000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിന് സബ്സിഡി-1308 രൂപയുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ. ഒ ഒളവിലം സർക്കിൾ |
| പ്രോജക്ട് നം. | 66/25 സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിന് സബ്സിഡി |
| അടങ്കൽ തുക- | ₹280000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹ 200000ബിൽ നം 427/19-3-25<br>(എസിആർ പ്രകാരം) |

അർഹരായ ഗുണഭോക്താക്കൾക്ക് സെപ്റ്റിക്ക് ടാങ്ക് നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുന്നതിന് തയ്യാറാക്കിയ പ്രൊജക്ട് ആണിത്.

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി മാർഗരേഖയിലെ (സ.ഉ.(കൈ) നം. 115/22/LSGD തീയതി 28.05.2022) ഖ. 6-8 (ബി) 1 പ്രകാരം സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റ് തുകയുടെ 90% അല്ലെങ്കിൽ പരമാവധി 20000 രൂപ ഗുണഭോക്താവിന് അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ ചേർത്ത ഗുണഭോക്താക്കൾക്ക് അർഹമായതിലും അധികം തുക സബ്സിഡി അനുവദിച്ചതായി കാണുന്നു.

വിശദവിവരം താഴെ ചേർക്കുന്നു

| ഗുണഭോക്താവിൻ്റെ പേര് | വാല്യേഷൻ തുക | അനുവദനീയമായ തുക | അനുവദിച്ച തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|
| കെ. എം . അനില | 21492 .92 | 19344 | 20000 | 656 |
| രോഹിത് ആർ | 21890.70 | 19702 | 20000 | 298 |
| വിമല എ.കെ | 21829.01 | 19646 | 20000 | 354 |
| | | | ആകെ | 1308 |

അനുവദനീയമായതിലും കൂടുതൽ തുക അനുവദിച്ചതിന് മറുപടി നൽകാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(34/29.10.25) മറുപടി നൽകിയിട്ടില്ല. കൂടുതലായി അനുവദിച്ച 1308 രൂപയുടെ ചെലവ് നിരാകരിക്കുന്നു

## 1-23 റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ-1123029 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | വി.ഇ. ഒ ഒളവിലം സർക്കിൾ | |
|---|---|---|
| **പ്രോജക്ട് നം.** | 225/25 റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ | 226/25 റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ |
| **അടങ്കൽ തുക-** | ₹255930 (വികസന ഫണ്ട്) ₹208120(മറ്റുള്ളവ) ₹464050 | ₹607099 (വികസന ഫണ്ട്) ₹503620( ധനകാര്യ കമ്മീഷൻ അവാർഡ് ) ₹86491 (തനത് ഫണ്ട്) ₹222790 (മറ്റുള്ളവ) ₹1420000 |
| **ചെലവ്/ബിൽ നം** | ₹ 255930 356/7.3.25 | ₹607099 188/16.12.2024 ₹260000 429/19.3.2025 |

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്യുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനായി റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ വാങ്ങിയിട്ടുള്ളത് Sudhi Waste Conversion Unit എന്ന സ്ഥാപനത്തിൽ നിന്നാണ്.

പ്രോജക്ട് നമ്പർ 226/25 ന്റെ നിർവഹണത്തിന്റെ ഭാഗമായി ബിൽ നമ്പർ 188/16.12.2024 പ്രകാരം 607099 രൂപ പ്രസ്തുത സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ബിൽ നമ്പർ 429/19.3.2025 പ്രകാരം ₹260000 ചെലവഴിച്ചതിന് ആസ്പദമായി വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ബില്ലിനോടൊപ്പം സ്ഥാപനം നൽകിയ താഴെ ചേർക്കുന്ന ഇൻവോയ്സുകൾ ചേർത്തു വെച്ചിട്ടുണ്ട്.

| ഇൻവോയ്സ് | റിംഗ് കമ്പോസ്റ്റ് | തുക |
|---|---|---|

| | | |
|---|---|---|
| നമ്പർ | എണ്ണം | |
| 1/ 1.4.23 | 297 | 653400 |
| 2/10.6.23 | 241 | 530200 |

പ്രൊജക്റ്റ് നമ്പർ 225/25 ന്റെ നിർവഹണത്തിന്റെ ഭാഗമായി മേൽ ചേർത്ത പട്ടികയിൽ ബിൽ നമ്പർ പ്രകാരം 255930 രൂപയാണ് സ്ഥാപനത്തിന് കൈമാറിയത്. 153 റിംഗ് കമ്പോസ്റ്റുകൾ നൽകിയതിനുള്ള 3,07,377 രൂപയുടെ ഇൻവോയ്സ് ബില്ലിനോടൊപ്പം ചേർത്തുവെച്ചിട്ടുണ്ട്. മേൽ പ്രൊജക്റ്റുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

1 മേൽ പ്രൊജക്റ്റുകളുടെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ആയതിൽ റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം എന്നീ വിവരങ്ങൾ ഫയലിനോടൊപ്പം ചേർത്തിട്ടില്ല

2 ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തതെന്ന് രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

3 മേൽ പ്രോജക്റ്റുകൾക്കായി സ്ഥാപനം നൽകിയ ഇൻവോയ്സുകൾ പ്രകാരമുള്ള തുക , വിവിധ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് നാളിതുവരെ നൽകിയ തുക, വിതരണം ചെയ്ത റിംഗ്കമ്പോസ്റ്റുകളുടെ എണ്ണം എന്നീ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(31/20.10.25) മറുപടി നൽകിയിട്ടില്ല. പ്രോജക്റ്റുകളുടെ ചെലവ് തുകകളെ സംബന്ധിച്ചും റിംഗ് കമ്പോസ്റ്റ് വിതരണവിവരങ്ങൾ സംബന്ധിച്ചും വ്യക്തമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ രണ്ടു പ്രോജക്റ്റുകളിലുമായുള്ള 1123029 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-24 മരുന്നുകൾ ലഭ്യമായില്ല-34151രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | **മെഡിക്കൽ ഓഫീസർ (ഹോമിയോ)** |
| **പ്രോജക്റ്റ് നം.** | 88/25<br>ഹോമിയോ ഡിസ്പെൻസറിയിലേക്കാവശ്യമായ മരുന്നുകൾ വാങ്ങൽ |
| **അടങ്കൽ തുക-** | ₹200000 (മെയിന്റൻസ് ഫണ്ട്-നോൺ റോഡ്) |
| **ചെലവ്** | ₹200000<br>ബിൽ നം 256/21.1.2025<br>(എസിആർ പ്രകാരം) |

പ്രോജക്റ്റിന്റെ ഭാഗമായി ചൊക്ലി ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ₹200000 കൈമാറിയിട്ടുണ്ട്. ഇൻവോയ്സ് നം.LF 473/20.6.25 പ്രകാരം ലഭ്യമായ ₹17439 രൂപയുടേയും ഇൻവോയ്സ് നം.LF 414/18.6.25 പ്രകാരം ലഭ്യമായ ₹148410 രൂപയുടേയും മരുന്നിന്റെ സ്റ്റോക്ക് വിവരങ്ങളാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാനുള്ള ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/25.10.25) ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. ലഭ്യമാക്കുവാനുള്ള മരുന്നുകളുടെ വിലയായ 34151 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 ഭിന്നശേഷി സ്കോളർഷിപ്പ്- മാർഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച ₹30500 യുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ/ പേര് | 53/25 ഭിന്നശേഷി സ്കോളർഷിപ്പ് |
| അടങ്കൽ | ₹1408689 – വികസന ഫണ്ട് |

| | |
|---|---|
| | ₹67311 – തനത് ഫണ്ട്<br>₹300000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹200000 – ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ- ₹1976000 |
| ചെലവ് | ₹1402900 - വികസന ഫണ്ട്<br>₹67311 – തനത് ഫണ്ട്<br>₹300000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹197600 – ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ - ₹1967811 |

മേൽ പ്രൊജക്ട് പ്രകാരം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി ₹1967811 ചെലവഴിച്ചിട്ടുണ്ട്. ആനുകൂല്യം ലഭ്യമായവരിൽ 3 ഗുണഭോക്താക്കൾക്ക് 28.05.2022 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നമ്പർ 115/2022/തസ്വഭവ ഖണ്ഡിക 7.1.6 പ്രകാരമുള്ള നിബന്ധനകൾക്ക് വിരുദ്ധമായാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ശാരീരിക വെല്ലുവിളി (ചലന വൈകല്യം) നേരിടുന്ന ബി സി എ ഒന്നാം വർഷ (മംഗലാപുര ശ്രീനിവാസ് യൂണിവേഴ്സിറ്റി) വിദ്യാർത്ഥിയായ ശ്രീ അമൽ രാജ് ന് സ്കോളർഷിപ്പ് തുകയായി ₹28500 രൂപ അനുവദിച്ചിട്ടുണ്ട്( ₹3500 ബിൽ നം 368/10-3-2025- വികസന ഫണ്ട്, ₹25000 ബിൽ നം 24220352009501519556/13-3-2025-ജില്ലാ പഞ്ചായത്ത് വിഹിതം) എന്നാൽ മാർഗ്ഗരേഖ പ്രകാരം ചലന വൈകല്യം നേരിടുന്ന ബിരുദ വിദ്യാർത്ഥികൾക്ക്(ഹോസ്റ്റലർ) അനുവദിക്കാവുന്ന പരമാവധി തുക 16000 രൂപയാണ്. ₹12500 രൂപ അധികം അനുവദിച്ചിട്ടുണ്ട്.

2. മേൽ മാർഗ്ഗരേഖ പ്രകാരം ശാരീരിക വെല്ലുവിളി നേരിടുന്ന ഒന്നു മുതൽ പ്ലസ് ടു ക്ലാസ്സുകളിലോ ബിരുദം ബിരുദാനന്തര ബിരുദം, വൊക്കേഷണൽ പരിശീലനം എന്നീ കോഴ്സുകൾക്കോ പഠിക്കുന്നവർക്കാണ് സ്കോളർഷിപ്പിന് അർഹതയുള്ളത്. എന്നാൽ ആയതിന് വിരുദ്ധമായി മത്സര പരീക്ഷകൾക്ക് പരിശീലനം നടത്തുന്നവരായ ഗോപിക ജെ ക്ക് ₹13000(₹10000 ബിൽ നം 209/24-12- വികസന ഫണ്ട്, ₹3000 ബിൽ നം 368/10-3-2025-വികസന ഫണ്ട്)യും ഹന്ന ഹരുണിനും ₹5000(₹5000 ബിൽ നം 24220352009501519556/13-3-2025-ജില്ലാ പഞ്ചായത്ത് വിഹിതം) അനുവദിച്ചിട്ടുണ്ട്.

മേൽ അപാകം സംബന്ധിച്ച് നൽകിയ 22/27-10-2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ശ്രീ അമൽ രാജ് ന് അധികം നൽകിയ 12500 രൂപ 2025-26 വർഷം അനുവദിക്കേണ്ട സ്കോളർഷിപ്പ് തുകയിൽ നിന്നും ക്രമീകരിക്കുന്നതാണെന്നും ഗോപിക ജെക്ക് നൽകിയ ₹13000 യും ഹന്ന ഹരുണിന് നൽകിയ ₹5000 യും തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച ₹30500 യുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി അനുവദിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-26 പി എച് സി സബ് സെന്റർ പുതിയ കെട്ടിടം ചുറ്റുമതിൽ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല

പി.എച്ച്.സി. സബ് സെന്റർ പുതിയ കെട്ടിടം ചുറ്റുമതിൽ നിർമ്മാണം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട ഒഡിറ്റിൽ കണ്ടെത്തിയിട്ടുള്ള അപാകതകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ / പേര് | 186/25 പി എച് സി സബ് സെന്റർ പുതിയ കെട്ടിടം ചുറ്റുമതിൽ നിർമ്മാണം |
| അടങ്കൽ | 548280/- മെയ്ന്റനൻസ് ഫണ്ട് (റോഡിതരം) |

| | |
|---|---|
| ചെലവ് | 548280/- മെയ്ന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നമ്പർ / തീയ്യതി | 64/23.08.2024 |
| എഗ്രിമെന്റ് നം.തീ. | AEC/40/21-22 DT 31/3/22 |
| കോൺട്രാക്ടർ | രഞ്ചു സിറിയക് |
| പി.എ.സി. | 1763186 |

പ്രസ്തുത പ്രവൃത്തിയിൽ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും കരാറുകാരനെ പ്രവൃത്തി തുടരാൻ അനുവദിച്ചതിലെ അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

**പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച നാൾവഴികൾ,അനുബന്ധ വിവരങ്ങൾ:**

സൈറ്റ് ഏറ്റെടുത്ത തീയ്യതി : 31/3/22

അന്തിമ അളവ് തിയ്യതി - 19/2/24

പ്രവൃത്തി പൂർത്തീകരണ കാലാവധി -6മാസം

പ്രവൃത്തി പൂർത്തീകരിച്ചത് - 19/2/24

1) കേരള പിഡബ്ല്യൂഡി മാനുവൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ ഉചിതമാർഗ്ഗേണയുള്ള അപേക്ഷയിൽ പരമാവധി പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കാൻ ഉള്ള കാലാവധി യഥാർത്ഥ പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ 50 ശതമാനം മാത്രമാണ് . എന്നാൽ ഇവിടെ പ്രവൃത്തി പൂർത്തീകരണ കാലാവധി നിയമം അനുശാസിക്കുന്നതിലുമധികം സമയം നീട്ടി കാണുന്നു

2) പ്രവർത്തി പൂർത്തീകരണം വൈകിയതിന് കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

കരാറുകാരനിൽനിന്നും നിയമാനുസൃത പിഴ (എഗ്രിഡ് പി.എ.സി.-യുടെ 3 ശതമാനം (1+2) നിരക്കിൽ (പി.ഡബ്ല്യൂ.ഡി.) മാന്വൽ 2012,സെക്ഷൻ 2112) ഈടാക്കേണ്ടതാണ്.

## 1-27 കാഞ്ഞിരമറ്റം തൃക്കണ്ണാപുരം റോഡ് ഓവ് ചാൽ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല.

കാഞ്ഞിരമറ്റം തൃക്കണ്ണാപുരം റോഡ് ഓവ് ചാൽ നിർമ്മാണം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ / പേര് | 154/25 കാഞ്ഞിരം തൃക്കണ്ണാപുരം റോഡ് ഓവ് ചാൽ നിർമ്മാണം |
| അടങ്കൽ | 141598/- മെയ്ന്റനൻസ് ഫണ്ട് (റോഡ്) |
| ചെലവ് | 141598/- മെയ്ന്റനൻസ് ഫണ്ട് (റോഡ്) |
| ബിൽ നമ്പർ / തീയ്യതി | 15/16.05.2024 |
| എഗ്രിമെന്റ് നം.തീ. | AEC/40/21-22 DT 31/3/22 |
| കോൺട്രാക്ടർ | സി ടി സുരേഷ്ബാബു |
| പി.എ.സി. | 138300 |

പ്രസ്തുത പ്രവൃത്തിയിൽ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും കരാറുകാരനെ പ്രവൃത്തി തുടരാൻ അനുവദിച്ചതിലെ അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

**പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച നാൾവഴികൾ,അനുബന്ധ വിവരങ്ങൾ:**

സൈറ്റ് ഏറ്റെടുത്ത തീയ്യതി : 31/3/22

അന്തിമ അളവ് തിയ്യതി - 09/3/24

പ്രവൃത്തി പൂർത്തീകരണ കാലാവധി -3മാസം

പ്രവൃത്തി പൂർത്തീകരിച്ചത് - 09/3/24

1) കേരള പിഡബ്ല്യുഡി മാനവൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ ഉചിതമാർഗ്ഗേണയുള്ള അപേക്ഷയിൽ പരമാവധി പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കാൻ ഉള്ള കാലാവധി യഥാർത്ഥ പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ 50 ശതമാനം മാത്രമാണ് . എന്നാൽ ഇവിടെ പ്രവൃത്തി പൂർത്തീകരണ കാലാവധി നിയമം അനുശാസിക്കുന്നതിലുമധികം സമയം നീട്ടി കാണുന്നു

2) പ്രവർത്തി പൂർത്തീകരണം വൈകിയതിന് കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

കരാറ് കാരനിൽ നിന്നും നിയമാനുസൃത പിഴ (എഗ്രിഡ് പി.എ.സി.-യുടെ 3 (1+2) ശതമാനം നിരക്കിൽ (പി.ഡബ്ല്യു.ഡി.) മാന്വൽ 2012 സെക്ഷൻ 2112) ഈടാക്കേണ്ടതാണ്.

## 1-28 ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ -₹27500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | വി.ഇ. ഒ ഒളവിലം സർക്കിൾ |
| **പ്രോജക്റ്റ് നം.** | 75/25 ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ |
| **അടങ്കൽ തുക-** | ₹100000 (വികസന ഫണ്ട്)<br>₹250000 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>ആകെ – ₹350000 |
| **ചെലവ്/ബിൽ നം** | ₹100000 109/28.9.2024<br>₹200000 219/30.12.24<br>₹50000 319/4.3.25<br>ആകെ – ₹350000 |

പുനചക്രമണയോഗ്യമല്ലാത്ത അജൈവമാലിന്യങ്ങൾ ശേഖരിച്ചതിന് ക്ലീൻ കേരള കമ്പനിയുടെ വിവിധ ഇൻവോയിസുകളുടെ അടിസ്ഥാനത്തിൽ മേൽ ബില്ലുകൾ പ്രകാരം 3,500,00 രൂപ ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. താഴെ ചേർക്കുന്ന ഇൻവോയ്സുകളാണ് ബില്ലിനോടൊപ്പം ചേർത്തുവച്ചിട്ടുള്ളത്.

| ഇൻവോയ്സ് നമ്പർ / തീയ്യതി | തുക |
|---|---|
| KNR/24-25/290/ 3.10 2024 | 39400 |
| KNR/ 24-25 / 335/20.10.2024 | 31200 |
| KNR/ 24-25 / 278/30.9.2024 | 47300 |
| KNR/ 24-25 / 190 6.8.2024 | 26100 |
| KNR/ 24-25 / 15/22.3.2024 | 18800 |
| KNR/ 24-25 / 607/26.1.2025 | 104900 |
| KNR/ 24-25 / 281/1.10.2024 | 54800 |
| ആകെ | 322500 |

3,22,500രൂപയുടെ ഇൻവോയ്സുകളാണ് സ്ഥാപനം സമർപ്പിച്ചതെങ്കിലും 350000രൂപ അനുവദിച്ചതിന്റെ കാരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/29.10.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ₹27500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 എ.ബി.സി പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ/ പേര് | 11/25 എ.ബി.സി പ്രോഗ്രാം |
| അടങ്കൽ | ₹1,50,000 വികസന ഫണ്ട്- പൊതുവിഭാഗം |

| | |
|---|---|
| ചെലവ് | ₹1,50,000 ബിൽ നം : 131/17-10-2025 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ സ.ഉ(സാധാ) 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജകറ്റായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം ₹150000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 12/24-10-2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം- ₹8800 യുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ/ പേര് | 104/25 പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം |
| അടങ്കൽ | ₹50000 – വികസന ഫണ്ട് – പൊതുവിഭാഗം |
| ചെലവ് | ₹50000 ബിൽ നം377 /10-3-2025 |

പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നടത്തിയതിന്റെ ഭാഗമായി ഭക്ഷണ ചെലവിനത്തിൽ 1400 രൂപയും ബാനർ ചെലവിനത്തിൽ 600 രൂപയും പരിശീലകനുള്ള ഓണറേറിയമായി 48000 രൂപയും ചെലവഴിച്ചിട്ടുണ്ട്. 10-11-2024 മുതൽ 10-3-2025 വരെയുള്ള കാലയളവിൽ ആകെ 120 ദിവസം കണക്കാക്കി ഒരു ദിവസത്തിന് 400 രൂപ നിരക്കിലാണ് കരാട്ടെ പരിശീലനം നൽകിയതിന് ഓണറേറിയം അനുവദിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഹാജർ രജിസ്റ്റർ പ്രകാരം മേൽ കാലയളവിൽ ആകെ 98 ദിവസമാണ് പരിശീലനം നൽകിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഹാജർ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| മാസം | പരിശീലനം നൽകിയ ദിവസങ്ങൾ | കുറിപ്പ് |
|---|---|---|
| 2024 നവംബർ | 21 | - |
| 2024 ഡിസംബർ | 25 | ഡിസംബർ 2, 3,16,17,22,31 എന്നീ തീയതികളിൽ പരിശീലനം നൽകിയിട്ടില്ല |
| 2025 ജനുവരി | 26 | ജനുവരി 17,22,26,29,31എന്നീ തീയതികളിൽ പരിശീലനം നൽകിയിട്ടില്ല |
| 2025 ഫെബ്രുവരി | 16 | ഫെബ്രുവരി 1,2,11,13,14,15,16,17,19,20,21,28 എന്നീ തീയതികളിൽ പരിശീലനം നൽകിയിട്ടില്ല |
| 2025 മാർച്ച് | 10 | - |
| ആകെ | 98 | |

പരിശീലനം നൽകിയ 98 ദിവസത്തേക്ക് ഒരു ദിവസം 400 രൂപ നിരക്കിൽ 39200 രൂപ ഓണറേറിയം അനുവദിക്കേണ്ടതിന് പകരം 120 ദിവസത്തേക്ക് 48000 രൂപ ഓണറേറിയം അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ 23/27-10-25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ ₹8800 യുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-31 ജൽജീവൻ മിഷൻ- അവലോകനം

സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും വ്യക്തിഗത കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണിത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതിയുടെ ആകെ ചെലവിന്റെ 50 ശതമാനം തുക കേന്ദ്രസർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരും 15 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനവും 10 ശതമാനം ഗുണഭോക്താക്കളും വഹിക്കേണ്ടതാണ്. ചൊക്ലി ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിക്കായി ₹619100000 യാണ് ആകെ അടങ്കൽ തുകയായി നിശ്ചയിച്ചിട്ടുള്ളത്. ആകെ അടങ്കലിന്റെ 15 ശതമാനം തുകയായ ₹92865000 ഗ്രാമപഞ്ചായത്ത് വിഹിതമായും 10% തുകയായ ₹61910000 ഗുണഭോക്തൃ വിഹിതമായുമാണ് നിശ്ചയിച്ചത്. 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്ഥാപന വിഹിതമായോ ഗുണഭോക്തൃ വിഹിതമായോ തുകയൊന്നും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. പദ്ധതി ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഇനത്തിൽ നാളിതുവരെ തുകയൊന്നും പിരിച്ചെടുത്തിട്ടുമില്ല. 2022-23 സാമ്പത്തിക വർഷം പ്രൊജക്ട് നമ്പർ 256/23 , ജൽജീവൻ മിഷന് സ്ഥലം ഏറ്റെടുക്കൽ എന്ന പദ്ധതി പ്രകാരം ജൽജീവൻ മിഷന് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി അഞ്ച് പഞ്ചായത്തുകൾ ചേർന്ന് സ്ഥലം വാങ്ങിക്കുന്നതിനായി 787000 രൂപ ചെലവഴിച്ചിട്ടുണ്ട്. ലഭ്യമായ ഫണ്ട് ഉപയോഗിച്ച് മറ്റ് വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി തുക വകയിരത്തിയതിനാലാണ് പദ്ധതിക്കായി തുക വകയിരുത്താതിരുന്നതെന്നും നിലവിൽ ഗ്രാമപഞ്ചായത്തിൽ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തിയായിട്ടില്ലെന്നും 2/22-10-2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച കൊണ്ട് പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിക്കേണ്ടതും പദ്ധതിയുടെ സുഗമമമായ പൂർത്തികരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-32 ഹെൽത്ത് ഗ്രാന്റ് അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/ LSGD തീ. 31.8.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തി 1.9.22, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 9-8-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ഹെൽത്ത് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാസ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

ചൊക്ലി ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെയും, അതിൽ നിന്നുള്ള ചെലവിനെയും സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നു.

1.ഹെൽത്ത് ഗ്രാൻറ് ഇനത്തിൽഗ്രാമ പഞ്ചായത്തിന് പലിശ ഉൾപ്പെടെ ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം തിരിച്ച് )

| വർഷം | സ്കീം1 | സ്കീം3 | സ്കീം 4 | ആകെ |
|---|---|---|---|---|
| 2022-23 | 0 | 269052 | 137039 | 406091 |
| 2023-24 | 2814519 | 982724 | 407430 | 4204673 |
| 2024-25 | 76602 | 415534 | 642266 | 1134402 |
| ആകെ | 2891121 | 1667310 | 1186735 | 5745166 |

2. ഹെൽത്ത് ഗ്രാൻറ് ഇനത്തിൽചെലവഴിച്ച തുകയുടെ വിവരങ്ങൾതാഴെ ചേർക്കുന്നു

| വർഷം | സ്കീം1 | സ്കീം3 | സ്കീം 4 | ആകെ |
|---|---|---|---|---|
| 2022-23 | 0 | 233329 | 135000 | 368329 |
| 2023-24 | 0 | 507474 | 366939 | 874413 |
| 2024-25 | 0 | 460526 | 35061 | 495587 |
| ആകെ | 0 | 1201329 | 537000 | 1738329 |

3. ബാലൻസ് ഷീറ്റ് പ്രകാരം 2024 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾതാഴെ ചേർക്കുന്നു.

| വർഷം | സ്കീം1 | സ്കീം3 | സ്കീം 4 | ആകെ |
|---|---|---|---|---|
| 2024-25 | 2891121 | 465981 | 649735 | 4006837 |

4. നാളിതു വരെ നടപ്പാക്കിയ പദ്ധതികളുടെ വിവരം

| **2022-23** | | | |
|---|---|---|---|
| **പ്രൊജക്ട് നമ്പർ** | **പ്രൊജക്ടിന്റെ പേര്** | **ഫണ്ടിനം** | **ചെലവ് തുക** |
| 188 | ചൊക്ലി ഗ്രാമപഞ്ചായത്തിലെ പി എച്ച് സിയിലെ രോഗനിർണ്ണയ സംവിധാനം മെച്ചപ്പെടുത്തലും അനുബന്ധ സൌകര്യം ഒരുക്കലും | ഹെൽത്ത് ഗ്രാന്റ് - സ്കീം 3 | 233329 |
| 191 | ചൊക്ലി ഗ്രാമപഞ്ചായത്തിലെ സബ്സെൻററുകൾ മെയിൻ സെന്ററിന്റെ പരിധിയിൽ ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ സബ് സെന്ററുകളിലേക്ക് വാങ്ങൽ നടത്തൽ | ഹെൽത്ത് ഗ്രാന്റ് - സ്കീം 4 | 135000 |
| **2023-24** | | | |
| 248 | ചൊക്ലി ഗ്രാമപഞ്ചായത്തിലെ പിഎച്ച്സി യിലെ രോഗനിർണ്ണയ സംവിധാനം മെച്ചപ്പെടുത്തലും അനുബന്ധ സൗകര്യം ഒരുക്കലും | ഹെൽത്ത് ഗ്രാന്റ് - സ്കീം 3 | 507474 |

| | | | |
|---|---|---|---|
| 249 | ചൊക്ലി ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾക്കും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് വാങ്ങലുകൾ നടത്തുന്നതിനും | ഹെൽത്ത് ഗ്രാന്റ് - സ്കീം 4 | 366939 |
| **2024-25** | | | |
| 244 | ചൊക്ലി ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾക്കും അനുബന്ധ സൌകര്യങ്ങൾ ഒരുക്കുന്നതിന് വാങ്ങലുകൾ നടത്തുന്നതിനും | ഹെൽത്ത് ഗ്രാന്റ് - സ്കീം 4 | 35061 |
| 245 | ചൊക്ലി ഗ്രാമപഞ്ചായത്തിലെ പിഎച്ച്സി യിലെ രോഗനിർണ്ണയ സംവിധാനം മെച്ചപ്പെടുത്തലും അനുബന്ധ സൗകര്യം ഒരുക്കലും | ഹെൽത്ത് ഗ്രാന്റ് - സ്കീം 3 | 460526 |

5)ഹെൽത്ത് ഗ്രാൻറ് ഉപയോഗിച്ച് ഏഴാം വാർഡിൽ സബ് സെന്റർ കെട്ടിട നിർമ്മാണം ലിന്റൽവരെ പൂർത്തീകരിച്ചിട്ടുണ്ട്.

ഹെൽത്ത് ഗ്രാൻറ് ഇനത്തിൽ ലഭ്യമായ തുക സമയബന്ധിതമായി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടിവെള്ള വിതരണം(സ്പിൽ ഓവർ പദ്ധതി) -അധികം തുക അനുവദിച്ചു.₹96331 യുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 169/25 (SO) കുടിവെള്ള വിതരണം |
| അടങ്കൽ | ₹96331 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് |

| | |
|---|---|
| ചെലവ് | ₹96331 ബിൽ നം 314/4-3-2025 |

2023-24 സാമ്പത്തിക വർഷം ചൊക്ലി ഗ്രാമ പഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ ജി പി എസ് സംവിധാനം ഏർപ്പെടുത്തിയ വാഹനങ്ങളിൽ കുടിവെള്ളം വിതരണം നടത്തിയതിന് 2023-24 വർഷം പ്രോജക്ട് നമ്പർ 21/24 പ്രകാരം 691079 രൂപയും 2024-25 സാമ്പത്തിക വർഷം 96331 രൂപയും ഉൾപ്പെടെ ആകെ 787410 രൂപ ചെലവഴിച്ചിട്ടുണ്ട്. ₹691079 യുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/തീയതി | തുക | ഫണ്ടിനം |
|---|---|---|---|
| 1 | 55/7-8-23 | 500000 | വികസന ഫണ്ട് |
| 2 | 215/20-12-23 | 94748 | വികസന ഫണ്ട് |
| 3 | 255/8-1-24 | 96331 | തനത് ഫണ്ട് |
| | | 691079 | |

27-4-23 തീയതിയിലെ ക്വട്ടേഷൻ നോട്ടീസിൽ വെള്ളത്തിന്റെ വില, വണ്ടി വാടക , ഡ്രൈവറുടെ ശമ്പളം , ജി എസ് ടി , ആദായ നികുതി, ബാധകമായ മറ്റു നികുതി തുടങ്ങി എല്ലാ ചെലവുകളും ഉൾപ്പെടെ കുടിവെള്ള വിതരണം ചെയ്യുന്നതിനുള്ള ഏകീകൃത നിരക്കാണ് രേഖപ്പെടുത്തേണ്ടതെന്നും വെള്ളത്തിന്റെ വില വാട്ടർ അതോറിറ്റി നിശ്ചയിച്ച നിരക്കിൽ ബില്ലിൽ കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്വട്ടേഷൻ നോട്ടീസിലെ നിബന്ധനകൾക്ക് വിധേയമായി ഏറ്റവും കുറഞ്ഞ തുകയായ ഒരു കിലോമീറ്ററിന് 70 രൂപ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ സന്തോഷ്. കെ , കീഴത്തൂർ എന്നിവരുടെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുമുണ്ട്. കുടിവെള്ളം വിതരണം നടത്തിയതിനായി 7-5-2023 മുതൽ 5-7-23 വരെയുള്ള കാലയളവിൽ KL13 R 4245 എന്ന വാഹനം 8679.84 കിലോമീറ്റർ ഓടിയതിനും KL58 9699 എന്ന വാഹനം 1192.72 കിലോമീറ്റർ വാഹനം ഓടിയതിനും കിലോമീറ്ററിന് 70 രൂപ നിരക്കിൽ 691079 രൂപ (9872.56x70) 2023-24 സാമ്പത്തിക വർഷം ശ്രീ സന്തോഷ്. കെ എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 02.12.2023-ലെ 131/E2/2023/WSSD-TLSRY-KNR(IV) നമ്പർ കത്ത് പ്രകാരം ടാങ്കർ ലോറി വഴി മേൽ കാലയളവിൽ പഞ്ചായത്തിൽ വിതരണം ചെയ്ത വെള്ളത്തിന്റെ ചാർജ്ജായി 96331 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. വാട്ടർ അതോറിറ്റി നിശ്ചയിച്ച വെള്ളത്തിന്റെ വിലയായ 96331 രൂപ ക്വട്ടേഷൻ നിബന്ധനകൾ പ്രകാരം ബില്ലിൽ നിന്നും കുറവ് ചെയ്ത് കരാറുകാരന് അനുവദിക്കേണ്ടതിനു പകരം പ്രോജക്ട് നമ്പർ 21/24 പ്രകാരം മുഴുവൻ തുക അനുവദിക്കുകയും പ്രൊജക്ട് നം 169/25 പ്രകാരം 96331 രൂപ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ 27/28-10-2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികമായി അനുവദിച്ച 96331 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 കുടിവെള്ള വിതരണം - അർഹമായതിലും അധികം തുക അനുവദിച്ചു. ₹41833 യുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , |
| പ്രോജക്ട് നമ്പർ/ പേര് | 10/25 കുടിവെള്ള വിതരണം |

| | |
|---|---|
| അടങ്കൽ | ₹292071 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് |
| ചെലവ് | ₹250188 ബിൽ നം 196/19-12-2024<br>₹41883 ബിൽ നം 503/4-3-2025<br>ആകെ -₹292071 |

2024-25 സാമ്പത്തിക വർഷം ചൊക്ലി ഗ്രാമ പഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ ജി പി എസ് സംവിധാനം ഏർപ്പെടുത്തിയ വാഹനങ്ങളിൽ കുടിവെള്ളം വിതരണം നടത്തിയതിന് മേൽ പ്രൊജക്റ്റ് പ്രകാരം₹292071 ചെലവഴിച്ചിട്ടുണ്ട്. 5-3-24 തീയതിയിലെ SC3-4252/22 നമ്പർ ക്വട്ടേഷൻ നോട്ടീസിലെ ക്രമ നം 6 പ്രകാരം, രേഖപ്പെടുത്തുന്ന നിരക്കിൽ വണ്ടി വാടക, ഡ്രൈവറുടെ ശമ്പളം, വാട്ടർ അതോറിറ്റിയിലെ വെള്ളത്തിന്റെ ചാർജ്, മറ്റ് ചെലവുകൾ എന്നിവ ഉൾപ്പെടെ എല്ലാത്തരം ചാർജും ഉൾപ്പെടുത്തേണ്ടതാണെന്നും യാതൊരു കാരണവശാലും രേഖപ്പെടുത്തിയ നിരക്കിൽ അധികരിച്ച തുക നൽകുന്നതല്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്വട്ടേഷൻ നോട്ടീസിലെ നിബന്ധനകൾക്ക് വിധേയമായി വാട്ടർ അതോറിറ്റിയിലെ വെള്ളത്തിന്റെ ചാർജ് ഉൾപ്പെടെ ഒരു കിലോമീറ്ററിന് 59 രൂപ നിരക്കിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ സഹദ് കെ പി, എന്നിവരുടെ ക്വട്ടേഷൻ അംഗീകരികിച്ചിട്ടുമുണ്ട്. 25-4-24 മുതൽ 10-6 24 വരെയുള്ള കാലയളവിൽ കുടിവെള്ളം വിതരണം നടത്തിയതിനായി KL58 C 9961 എന്ന വാഹനം 4240.49 കിലോമീറ്റർ ഓടിയതിന് വെള്ളതിന്റെ ചാർജ്ജ് ഉൾപ്പെടെ കിലോമീറ്ററിന് 59 രൂപ നിരക്കിൽ ₹250188 ശ്രീ സഹദ് കെ പി ,എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി തലശ്ശേരി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിൽ എപ്രിൽ മുതൽ ജൂൺ വരെ 550 കിലോ ലിറ്റർ വെള്ളം വിതരണം ചെയ്തതിന് 41833 രൂപയാണ് വാട്ടർ ചാർജ്ജ് കണക്കാക്കിയിട്ടുള്ളത്. ആയത് ബിൽ നം 503/4-3-2025 പ്രകാരം വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിട്ടുമുണ്ട്. വാട്ടർ അതോറിറ്റി നിശ്ചയിച്ച വെള്ളത്തിന്റെ വില ഉൾപ്പെടെ കരാറുകാരന് അനുവദിക്കുകയും വീണ്ടും വാട്ടർ അതോറിറ്റിക്ക് മേൽ പ്രോജക്റ്റ് പ്രകാരം വാട്ടർ ചാർജ്ജ് ഇനത്തിൽ തുക അനുവദിക്കുകയും ചെയ്തതിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ 28/28-10-2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികമായി അനുവദിച്ച 41833 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 ഭിന്നശേഷി സ്കോളർഷിപ്പ്- മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച ₹30500 യുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ/ പേര് | 53/25 ഭിന്നശേഷി സ്കോളർഷിപ്പ് |
| അടങ്കൽ | ₹1408689 – വികസന ഫണ്ട്<br>₹67311 – തനത് ഫണ്ട്<br>₹300000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹200000 – ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ- ₹1976000 |
| ചെലവ് | ₹1402900 - വികസന ഫണ്ട്<br>₹67311 – തനത് ഫണ്ട്<br>₹300000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹197600 – ജില്ലാ പഞ്ചായത്ത് വിഹിതം |

| | |
|---|---|
| | ആകെ - ₹1967811 |

മേൽ പ്രൊജക്റ്റ് പ്രകാരം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി ₹1967811 രൂപ ചെലവഴിച്ചിട്ടുണ്ട്. ആനുകൂല്യം ലഭ്യമായവരിൽ 3 ഗുണഭോക്താക്കൾക്ക് 28.05.2022 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നമ്പർ 115/2022/തസ്വഭവ ഖണ്ഡിക 7.1.6 പ്രകാരമുള്ള നിബന്ധനകൾക്ക് വിരുദ്ധമായാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ശാരീരിക വെല്ലുവിളി (ചലന വൈകല്യം) നേരിടുന്ന ബി സി എ ഒന്നാം വർഷ (മംഗലാപുര ശ്രീനിവാസ് യൂണിവേഴ്സിറ്റി) വിദ്യാർത്ഥിയായ ശ്രീ അമൽ രാജ് ന് സ്കോളർഷിപ്പ് തുകയായി ₹28500 രൂപ അനുവദിച്ചിട്ടുണ്ട്( ₹3500 ബിൽ നം 368/10-3-2025- വികസന ഫണ്ട്, ₹25000 ബിൽ നം 24220352009501519556/13-3-2025-ജില്ലാ പഞ്ചായത്ത് വിഹിതം) എന്നാൽ മാർഗ്ഗരേഖ പ്രകാരം ചലന വൈകല്യം നേരിടുന്ന ബിരുദ വിദ്യാർത്ഥികൾക്ക്(ഹോസ്റ്റലർ) അനുവദിക്കാവുന്ന പരമാവധി തുക 16000 രൂപയാണ്. ₹12500 രൂപ അധികം അനുവദിച്ചിട്ടുണ്ട്.

2. മേൽ മാർഗ്ഗരേഖ പ്രകാരം ശാരീരിക വെല്ലുവിളി നേരിടുന്ന ഒന്നു മുതൽ പ്ലസ് ടു ക്ലാസ്സുകളിലോ ബിരുദം ബിരുദാനന്തര ബിരുദം, വൊക്കേഷണൽ പരിശീലനം എന്നീ കോഴ്സുകൾക്കോ പഠിക്കുന്നവർക്കാണ് സ്കോളർഷിപ്പിന് അർഹതയുള്ളത്. എന്നാൽ ആയതിന് വിരുദ്ധമായി മത്സര പരീക്ഷകൾക്ക് പരിശീലനം നടത്തുന്നവരായ ഗോപിക ജെ ക്ക് ₹13000(₹10000 ബിൽ നം 209/24-12- വികസന ഫണ്ട്, ₹3000 ബിൽ നം 368/10-3-2025-വികസന ഫണ്ട്)യും ഹന്ന ഹരുണിനും ₹5000(₹5000 ബിൽ നം 24220352009501519556/13-3-2025-ജില്ലാ പഞ്ചായത്ത് വിഹിതം) അനുവദിച്ചിട്ടുണ്ട്.

മേൽ അപാകം സംബന്ധിച്ച് നൽകിയ 22/27-10-2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ശ്രീ അമൽ രാജ് ന് അധികം നൽകിയ 12500 രൂപ 2025-26 വർഷം അനുവദിക്കേണ്ട സ്കോളർഷിപ്പ് തുകയിൽ നിന്നും ക്രമീകരിക്കുന്നതാണെന്നും ഗോപിക ജെക്ക് നൽകിയ ₹13000 യും ഹന്ന ഹരുണിന് നൽകിയ ₹5000 യും തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച ₹30500 യുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി അനുവദിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം- ₹8800 യുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ/ പേര് | 104/25 പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം |
| അടങ്കൽ | ₹50000 – വികസന ഫണ്ട് – പൊതുവിഭാഗം |
| ചെലവ് | ₹50000 ബിൽ നം377 /10-3-2025 |

പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നടത്തിയതിന്റെ ഭാഗമായി ഭക്ഷണ ചെലവിനത്തിൽ 1400 രൂപയും ബാനർ ചെലവിനത്തിൽ 600 രൂപയും പരിശീലകനുള്ള ഓണറേറിയമായി 48000 രൂപയും ചെലവഴിച്ചിട്ടുണ്ട്. 10-11-2024 മുതൽ 10-3-2025 വരെയുള്ള കാലയളവിൽ ആകെ 120 ദിവസം കണക്കാക്കി ഒരു ദിവസത്തിന് 400 രൂപ നിരക്കിലാണ് കരാട്ടെ പരിശീലനം നൽകിയതിന് ഓണറേറിയം അനുവദിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഹാജർ രജിസ്റ്റർ പ്രകാരം മേൽ കാലയളവിൽ ആകെ 98 ദിവസമാണ് പരിശീലനം നൽകിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഹാജർ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| മാസം | പരിശീലനം നൽകിയ ദിവസങ്ങൾ | കുറിപ്പ് |
|---|---|---|
| 2024 നവംബർ | 21 | - |
| 2024 ഡിസംബർ | 25 | ഡിസംബർ 2, 3,16,17,22,31 എന്നീ തീയതികളിൽ പരിശീലനം |

| | | |
|---|---|---|
| | | നൽകിയിട്ടില്ല |
| 2025 ജനവരി | 26 | ജനവരി 17,22,26,29,31എന്നീ തീയതികളിൽ പരിശീലനം നൽകിയിട്ടില്ല |
| 2025 ഫെബ്രുവരി | 16 | ഫെബ്രുവരി 1,2,11,13,14,15,16,17,19,20,21,28 എന്നീ തീയതികളിൽ പരിശീലനം നൽകിയിട്ടില്ല |
| 2025 മാർച്ച് | 10 | - |
| ആകെ | 98 | |

പരിശീലനം നൽകിയ 98 ദിവസത്തേക്ക് ഒരു ദിവസം 400 രൂപ നിരക്കിൽ 39200 രൂപ ഓണറേറിയം അനുവദിക്കേണ്ടതിന് പകരം 120 ദിവസത്തേക്ക് 48000 രൂപ ഓണറേറിയം അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ 23/27-10-25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ ₹8800 യുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം -ഒടുക്ക് സംബന്ധിച്ച പരിശോധന

എ)മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

(01.04.2024 ന് മുമ്പ് സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 14 | 84000 | 84000 | 0 | നവംബർ 2024, ജനവരി 2025 എന്നീ മാസങ്ങളിൽ യഥാക്രമം 15,13 എണ്ണം ജിവനക്കാർ |

ബി)മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതൽ അല്ലെങ്കിൽ 07/2023 | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | | | |
| ഇല്ല | | | | | |

സി)മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 നള്ളിൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | | | | |

ഡി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നള്ളിൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2/2025 | 0 | 1000 | 1000 | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2024-25 | 21.10.2025, 22.10.2025 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/1791/2025 തീയതി: 22.12.2025 |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2024-25 വർഷം സംയുക്ത പ്രോജക്ടിനായി കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും പാനൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ വിനയോഗ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ നമ്പർ, പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 1 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 100000 | 158/25, പാലിന് സബ്സിഡി 1 | 100000 | 0 |
| 2 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 100000 | 75/25 ലൈഫ് മിഷൻ ഭവന നിർമ്മാണം | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പട്ടികജാതി | | |
| 3 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 77793 | 148/25 ലൈഫ് മിഷൻ ഭവന നിർമ്മാണം (SC ST Fisheris) | 77793 | 0 |
| 4 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 600000 | 173/25, ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ | 600000 | 0 |
| 5 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 155000 | 97/25 വീടുകളിൽ റിങ് കമ്പോസ്റ്റ് നിർമ്മാണം | 155000 | 0 |
| 6 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 118301 | 81/25സാന്ത്വന പരിചരണം | 118301 | 6699 |
| 7 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 300000 | 53/25 ഭിന്നശേഷി സ്കോളർഷിപ്പ് | 300000* | 0 |
| | ആകെ | 1451094 | | 1451094 | 0 |
| 1 | ജില്ലാ പഞ്ചായത്ത് | 99953 | 81/25സാന്ത്വന പരിചരണം | 99953 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 197600 | 53/25 ഭിന്നശേഷി സ്കോളർഷിപ്പ് | 197600 | 0 |
| | | | | | |
| 3 | ജില്ലാ പഞ്ചായത്ത് | 100000 | 95/25മാതൃക അംഗൻവാടി നിർമാണം | 0 | 100000 |
| 4 | ജില്ലാ പഞ്ചായത്ത് | 100000 | 175/25, ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടികജാതി | 100000 | 0 |
| 5 | ജില്ലാ പഞ്ചായത്ത് | 15000 | 58/25, പാലിന് സബ്സിഡി | 15000 | 0 |
| | ആകെ | 512553 | | 512553 | 0 |

*ബ്ലോക്ക് വിഹിതമിനത്തിൽ ചെലവഴിച്ച ₹300000 യുടെ വിവരങ്ങൾ സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഇല്ല

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-6 വായ്പ/വായ്പ തിരിച്ചടവ്

2024-25 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തിരിച്ചടച്ച തുകയുടെയും വിവരംവായ്പയുടെ പേര്/ഉദ്ദേശം

| വായ്പയുടെ പേര്/ ഉദ്ദേശം | സർക്കാർ ഉത്തരവ് നമ്പർ/ തീയതി | നാളിതുവരെ എടുത്ത വായ്പ (₹) | വാർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക (₹) | തൻവർഷം എടുത്ത വായ്പ (₹) | ഓഡിറ്റ് വർഷം തിരിച്ചടച്ച തുക (₹) | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|

| | | | | | | (₹) | |
|---|---|---|---|---|---|---|---|
| ഹഡ്കോ ലോൺ | ലഭ്യമല്ല | 0 | 0 | 209595 | 5365 | 0 | 204230 |

കുറിപ്പ്: ലോൺ സംബന്ധിച്ച ഉത്തരവുകൾ പഞ്ചായത്തിൽ ലഭ്യമല്ല. വായ്പ അനുവദിച്ചതിന്റെ ഉത്തരവ് അനുമതി ലഭിച്ച തുക തിരിച്ചടവ് വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 4-7 സ്ഥിരനിക്ഷേപം

31.03.2025-ൽ നിലവിലുള്ള സ്ഥിര നിക്ഷേപങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 12,31,731 |
| തൻ വർഷം നിക്ഷേപിച്ച തുക | 99,638 |
| ആകെ | 13,31,369 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 13,31,369 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്(ബാങ്ക് / ട്രഷറി/പോസ്റ്റ് ഓഫീസ്),നം. | നിക്ഷേപിച്ച തിയ്യതി/ പലിശ കാലാവധി | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ചൊക്ലി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം.0002105000778 | 22/12/2024 8.25% (1 വർഷം) | 13,07,369 | 22.12.2025 കാലാവധി തീയതി |
| 2 | മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 118/4429 28/04/2015 | 20,000 | |
| 3 | കണ്ണൂർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഹോസ്പ്പിറ്റൽ ലിമിറ്റഡ് | വൗച്ചർ നമ്പർ 557 28/04/2015 | 4,000 | |
| | ആകെ | | 13,31,369 | |

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബി-12 ഷെഡ്യൂൾ പ്രകാരം ₹1231731 യാണ് സ്ഥിരനിക്ഷപമിനത്തിൽ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. 22.12.2024 പ്രാബല്യത്തിൽ സ്ഥിരനിക്ഷേപം പുതുക്കേണ്ടതായിരുന്നുവെങ്കിലും 2024-25 വർഷത്തിൽ പുതുക്കി പലിശവരവ് അക്കൗണ്ട് ചെയ്തിട്ടില്ല. സ്ഥിര നിക്ഷേപ സർട്ടിഫിക്കേറ്റ് പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 15 | 2003-04 | പേജ് ക്രമ നം 132 | പദ്ധതി നിർവ്വഹണ ചെലവ് പരിധി കഴിഞ്ഞ് ചെലവഴിച്ചു. | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-1 | 2016-17 | ഖ- 1 | വസ്തു നികുതി | നിലനിൽക്കുന്നു |
| 2015-16 | 2-4,2-5 | 2016-17 | ഖ- 2 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ. സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 56217341 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 50783577 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 178772/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 1560770 |

**ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക | ചാർജ് ചെയ്യാവുന്നവ | സർച്ചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| (1-18) 3-1 | | 96331 | ശ്രീമതി. അനീഷ വി സെക്രട്ടറി |
| (1-17) 3-2 | | 41833 | ശ്രീമതി. അനീഷ വി സെക്രട്ടറി |
| 1-22 | | 1308 | ശ്രീ. ഷിബിൻ ടി , വി .ഇ .ഓ. ഒളവിലം |
| 3-3 (1-25) | | 30500 | ശ്രീമതി. സനിജ ചാലിന്മേൽ ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-4 (1-30) | | 8800 | ശ്രീമതി. സനിജ ചാലിന്മേൽ ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ | | 178772 | |

**സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|
| 1-19 | ₹52500 | ശ്രീ.ഷിബിൻ ടി, വി.ഇ.ഒ. (ഒളവിലം) |
| 1-20 | ₹18590 | ശ്രീ.ഷിബിൻ ടി, വി.ഇ.ഒ. (ഒളവിലം) |
| 1-21 | ₹155000 | ശ്രീ.ഷിബിൻ ടി, വി.ഇ.ഒ. |

| | | |
|---|---|---|
| | | (ഒളവിലം) |
| 1-23 | ₹1123029 | ശ്രീ.ഷിബിൻ ടി, വി.ഇ.ഒ. (ഒളവിലം) |
| 1-24 | ₹34151 | ഡോ.ജിതിൻരാജ് മെഡിക്കൽ ഓഫീസർ – ഹോമിയോ |
| 1-28 | ₹27500 | ശ്രീ.ഷിബിൻ ടി, വി.ഇ.ഒ. (ഒളവിലം) |
| 1-29 | ₹150000 | ശ്രീമതി. അനീഷ വി സെക്രട്ടറി |
| ആകെ | ₹1560770 | |

**ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം**

| ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനിഷ വി സെക്രട്ടറി | സെക്രട്ടറി ചൊക്ലി ഗ്രാമപഞ്ചായത്ത് | വങ്ങണേമ്മൽ പി.ഒ..മയ്യന്നൂർ വടകര |
| ശ്രീമതി. സനിജ ചാലിമ്മേൽ ഐ സി ഡി എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർ വൈസര് ചൊക്ലി ഗ്രാമപഞ്ചായത്ത് | വേലക്കാട്ട് താഴെ കുനിയിൽ പി ഓ മടപ്പള്ളി കോളേജ് വടകര |
| ഡോ.ജിതിൻ രാജ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ, ചൊക്ലി ഗ്രാമ പഞ്ചായത്ത് | മഞ്ചക്കാട്ടിൽ ഹൗസ്, മുണ്ടല്ലൂര് (പോസ്റ്റ്), കണ്ണൂർ ജില്ല |
| ഷിബിൻ ടി, വി.ഇ.ഒ. (ഒളവിലം) | വി.ഇ.ഒ. (ഒളവിലം) ചൊക്ലി ഗ്രാമ പഞ്ചായത്ത് | തോട്ടത്തിൽ ഹൗസ് പി.ഒ.പാലയാട് തലശ്ശേരി |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻ വർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/784/2025 തീയതി 24.06.2025 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/784/2025 തീയതി 24.06.2025 | 2 |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/784/2025 തീയതി 24.06.2025 | 3 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/784/2025 തീയതി 24.06.2025 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/784/2025 തീയതി 24.06.2025 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/784/2025 തീയതി 24.06.2025 | 2 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/784/2025 തീയതി 24.06.2025 | 1 |
| 2010-11, 2011-12 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/784/2025 തീയതി 24.06.2025 | 1 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/784/2025 തീയതി 24.06.2025 | 2 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/784/2025 തീയതി 24.06.2025 | 2 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/784/2025 തീയതി 24.06.2025 | 5 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/784/2025 തീയതി 24.06.2025 | 4 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/784/2025 തീയതി 24.06.2025 | 3 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/784/2025 തീയതി 24.06.2025 | 5 |
| 2022-23 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/387/2024 തീയതി 12.03.2024 | 23 |
| 2023-24 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/1736/24(1) തീയതി 01.03.2025 | 29 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3/2025 dated 27-05-2025 and submitted on 31-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Chokli Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Chokli Grama Panchayat as on 31-03-2025

**Date: 22/12/2025**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Chokli Grama Panchayat for the Year 2024-2025 .

**1.Major Observations**

NIL

**2.Other Observations**

1.Discrepancies in calculating the Gross surplus/deficit of Income Over Expenditure in Income and Expenditure statement .

2. Fixed deposit Interest accrued-Entry not made.

3. Amount shown as liability in Balance sheet (B-4) does not match with Bank account (B-17) opened for the specified

grant account(CFC grant ).

4. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

5.Mandatory financial statements such as Ratios, prescribed in 2011 kerala panchayat raj accounting rules not submitted for audit.

6. Lapses in making timely and accurate demand entries in respect of tax and non tax revenue

7. No mechanism to review and adjust advance allotted in time.
8. Development Fund General amount shown in I-6 schedule does not match with amount shown in Sulekha Statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **Chokli Grama Panchayat RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2024 to 31-March-2025 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 29131757.00 |
| Cash | Cash | RP-40(a) | 129528.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1573320.00 |
| 140000000 | Fees & User Charges | RP-4 | 6189544.00 |
| 150000000 | Sale & Hire Charges | RP-5 | 94227.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 19776141.00 |
| 171000000 | Interest Earned | RP-9 | 738503.00 |
| 190000000 | Prior Period Income | RP-11 | 8428.00 |
| 311000000 | Earmarked Funds | RP-28 | 1737.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 17443683.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8980904.00 |
| 460000000 | Loans, Advances and Deposits | RP-49 | 210320.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 0.0 |
| 330000000 | Secured Loans | RP-31 | 209595.00 |
| 340000000 | Deposits Received | RP-33 | 139559.00 |
| 350000000 | Other Liabilities | RP-35 | 851380.00 |
| | **Grand total** | | **85478626.00** |
| | **PAYMENTS** | | |
| | **Operating** | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 196761.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9764251.00 |
| 460000000 | Loans, Advances and Deposits | RP-49 | 439338.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 44067.00 |
| 350000000 | Other Liabilities | RP-35 | 40339160.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 34678708.00 |
| Cash | Cash | RP-40(b) | 16341.00 |

| | |
|---|---|
| **Grand Total** | **85478626.00** |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | **Chokli Grama Panchayat**<br><br>**INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2024 to 31-March-2025 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 8946580.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br><br>(BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 8588.00 |
| 140000000 | Fee & User Charges | I-4 | 5671160.00 |
| 150000000 | Sale & Hire Charges | I-5 | 94227.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br><br>Subsidies | I-6 | 162164382.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 738503.00 |
| 180000000 | Other Income | I-9 | 0.0 |
| | **Total Income** | | **177623440.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 14264613.00 |
| 220000000 | Administrative Expenses | I-11 | 1842551.00 |
| 230000000 | Operations & Maintenance | I-12 | 2214476.00 |
| 240000000 | Interest & Finance Charges | I-13 | 1829.00 |
| 250000000 | Decentralised Plan Programme-Productive Sector /<br><br>Programme Expenses | I-14 | 6027431.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 28661902.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 2049872.00 |
| 253000000 | Decentralised Plan Programme-Projects not included in<br><br>Sector Division | I-14(C) | 28446000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br><br>Schemes (not included under Decentralized Plan Programme) | I-14(D) | 62496400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1896662.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br><br>Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and | I-17 | 0.0 |

| | | | |
|---|---|---|---|
| | Investments | | |
| 272000000 | Depreciation | I-17(A) | 22134563.00 |
| 190000000 | Prior Period Income | I-19 | 21399.00 |
| B | **B-Total Expenditure** | | **170036299.00** |
| C=A-B | **Gross Surplus / Deficit of income over Expenditure before Prior Period Items** | | **7587141.00** |
| 190000000 | Prior Period Income | I-19 | 21399.00 |
| 290000000 | Prior Period Expenses | I-18 | 1657758.00 |
| D | Net Difference I19 – I18 | | 1636359.00 |
| E | **Gross Surplus / Deficit of income over Expenditure after Prior Period Items** | | **9223500.00** |
| 290000000 | Transfer to Reserve Funds | | |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | |

**അനുബന്ധം-3-3**

**ബാലൻസ് ഷീറ്റ്**

| | | | |
|---|---|---|---|
| | **Chokli Grama Panchayat**<br><br>**BALANCE SHEET** | | |
| | As on 31-March-2025 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 45459338.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/ Trust or<br><br>Agency Fund | B-2 | 43883.00 |
| 312000000 | Reserves | B-3 | 71702088.00 |
| | **Total Reserve & Surplus** | | **117205309.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15653147.00 |
| | **Total Grants, Contributions for Specific Purposes** | | **15653147.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 204230.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **204230.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 347521.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1655432.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2002953.00** |
| | **TOTAL LIABILITIES** | | **135065639.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 2932910.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 3155720.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 29758265.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 148795978.00 |
| 416000000 | Accumulated Depreciation | B-11(a) | -97761659.00 |
| | **Total Fixed Assets** | | **86881214.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1231731.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **1231731.00** |

| | | | |
|---|---|---|---|
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 30447.00 |
| 431000000 | Sundry Debtors (Receivables) | B-15 | 9928953.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 34695049.00 |
| 460000000 | Loans, Advances and Deposits | B-18 | 2298245.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **46952694.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **135065639.00** |

ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.